24-11-2021

WEDNESDAY ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -23/11/2021

1. ഒക്ടോബർ, നവംബർ മാസങ്ങളിൽ ഉണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും കൃഷിനാശം സംഭവിച്ച കർഷകർക്ക് AIMS പോർട്ടലിലൂടെ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി നവംബർ 30 വരെ നീട്ടിയതായി കൃഷിമന്ത്രി പി. പ്രസാദ് അറിയിച്ചു. കർഷകർക്ക് സ്വന്തമായി www.aims.kerala.gov.in എന്ന ഓൺലൈൻ വെബ് പോർട്ടൽ വഴിയോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ, കൃഷിഭവൻ മുഖേനയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. സംസ്ഥാനത്ത് 2021 ഒക്ടോബർ മാസം ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തിന്റെ ആദ്യഘട്ട ജില്ലാ തല വിതരണോദ്ഘാടനം നാളെ (25/11/21) വൈകിട്ട് 4 മണിക്ക് കോട്ടാങ്ങൽ പഞ്ചായത്തിലെ വായ്പൂര് സർവ്വീസ് സഹകരണബാങ്ക് ആഡിറ്റോറിയത്തിൽ കൂടുന്ന ചടങ്ങിൽ വച്ച് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി നിർവഹിക്കും. ചടങ്ങിൽ റാന്നി എം.എൽ.എ അഡ്വ. പ്രമോദ് നാരായൺ അദ്ധ്യക്ഷത വഹിക്കും.

3. അസംഘടിത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനായി ഇപ്രകാരമുള്ള തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാക്കിയ e - SHRAങ പോർട്ടലിൽ വിവിധ മേഖലയിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾ 2021 ഡിസംബർ 31 –നു മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുപ്രകാരം കാർഷിക മേഖലയിലെ അസംഘടിത തൊഴിലാളികൾ ഡിസംബർ 31 നു മുൻപായി www.eshram.gov.in എന്ന വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യണമെന്ന് കൃഷി ഡയറക്ടർ അറിയിച്ചു. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡും ലഭിക്കുന്നതാണ്.

4. കർഷകരിലേക്ക് ലോക മണ്ണു ദിനത്തിന്റെ (ഡിസംബർ 5) പ്രാധാന്യവും സന്ദേശവും എത്തിക്കുന്നതിനായി കോഴിക്കോട് ജില്ലാ മണ്ണു പരിശോധനാ ലബോറട്ടറിയുടെ നേതൃത്വത്തിൽ 2021 ഡിസംബർ 10 മുതൽ 20 വരെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രവൃത്തിസമയങ്ങളിൽ ലാബ്

സന്ദർശിക്കാനും സംശയ നിവാരണത്തിനും അവസരമൊരുക്കുന്നു. അതോടൊപ്പം ജില്ലയിലെ കർഷകർക്കായി ലോകമണ്ണു ദിനം പ്രമാണിച്ച് " **മണ്ണ്**" എന്ന വിഷയത്തിൽ കവിതാരചന മത്സരം സംഘടിപ്പിക്കുന്നു. **ഡിസംബർ 10-നു മുമ്പായി . അസിസ്റ്റന്റ് സോയിൽകെമിസ്റ്റ്, ജില്ലാമണ്ണു പരിശോധനാ കേന്ദ്രം, തിക്കോടി – (പി.ഒ) . കോഴിക്കോട് 673 529 (പിൻ)** എന്ന മേൽവിലാസത്തിൽ കവിതകൾ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383471791** എന്ന ഫോൺ നമ്പരിലോ **ascdstlthikkoti@gmail.com** എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

5. കോവിഡ് മഹാമാരിയാലും പ്രകൃതി ദുരന്തങ്ങളാലും ദുരിതത്തിലായ ക്ഷീരകർഷകരെ സഹായിക്കുന്നത് ലക്ഷ്യമിട്ട് കേരള ഫീഡ്സ് കെ.എസ്.ആർ.റ്റി.സി യുമായി സഹകരിച്ച് **ഫീഡ് ഓൺ വീൽസ്** പദ്ധതി കരുനാഗപ്പള്ളി, കോഴിക്കോട് യൂണിറ്റുകൾ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഫീഡ് ഓൺ വീൽസിന്റെ യാത്രാ വഴിയിൽ ബസ് നിർത്തുന്ന സ്ഥലങ്ങളിൽ നിന്നോ, ബസ് നിർത്തിച്ചോ കർഷകർക്ക് കേരളാ ഫീഡ്സിന്റെ ഉത്പന്നങ്ങൾ വാങ്ങാവുന്നതാണ്. **9447490116** എന്ന മൊബൈൽ നമ്പരിൽ ആവശ്യമായ ഉത്പന്നത്തിന്റെ വിവരങ്ങളും അളവും, സ്ഥലവും, എസ്എംഎസ് നൽകി ബുക്ക് ചെയ്യാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

6. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ പുതിയ സ്റ്റാൾ പൊറ്റമ്മൽ കുതിരവട്ടം റോഡിൽ പ്രവർത്തനം ആരംഭിച്ചു. കർഷകരിൽ നിന്നും ഉയർന്ന വിലയ്ക്ക് സംഭരിക്കുന്ന നാടൻ പച്ചക്കറികൾ, പഴങ്ങൾ, മറുനാടൻ പച്ചക്കറികൾ ഹോർട്ടി കോർപ്പ് പുറത്തിറക്കുന്ന അഗ്മാർക്ക് അംഗീകാരമുള്ള അമൃത് ബ്രാന്റ് തേൻ എന്നിവ ന്യായ വിലക്ക് പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. സ്റ്റാൾ പ്രവർത്തനസമയം രാവിലെ 10 മുതൽ വൈകിട്ട് 7 മണി വരെ ആയിരിക്കും. ഡിസംബർ ആദ്യ വാരത്തോടെ സ്റ്റാളിൽ നിന്നും ഹോം ഡെലിവറി ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9946872834, 8714144834** എന്നീ കസ്റ്റമർ കെയർ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

7. റബ്ബർമരങ്ങളെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചും അവയുടെ നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(2021 നവംബർ 24) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി പറയും. **0481 2576622** ആണ് കോൾ സെന്റർ നമ്പർ.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ ഫാൻസി കോഴിക്കുഞ്ഞുങ്ങൾ 85 രൂപ നിരക്കിലും കടക്നാഥ് 35 രൂപ നിരക്കിലും തലശ്ശേരി, നേക്കഡ് നെക്ക് എന്നിവ 22 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479–2452277** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ 15 പശുക്കളെയും 1 ആടിനേയും 27.11.2021 ന് ഫാം ഓഫീസ് പരിസരത്ത് വച്ച് രാവിലെ 11 മണിയ്ക്ക് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുളളവർക്ക് 11 മണിയ്ക്ക് മുൻപായി 4000/- രൂപ നിരതദ്രവ്യമടച്ച് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9745545344** എന്ന ഫോൺ നമ്പരിലോ jfeu.ahd@kerala.gov.in എന്ന മെയിലിലോ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

10. **കാർഷിക വിള വർദ്ധനവിന് തേനീച്ച പരിപാലനം** എന്ന ആശയം മുൻനിർത്തി, പിലിക്കോട് ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രവും ഹോർട്ടികോർപ്പും സംയുക്തമായി **"തേനീച്ച കൃഷി"**യിൽ 2021 ഡിസംബർ 08 മുതൽ 10 വരെ ഗവേഷണ കേന്ദ്രത്തിൽ വെച്ച് ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ നവംബർ 30 ന മുമ്പായി 9846334758 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ ഓഫ് കാമ്പസ് പരിശീലന പരിപാടി ഈ മാസം 27 വരെ കൊടുങ്ങൂർ ക്ഷീരസംഘത്തിൽ വച്ച് നടത്തുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

12. മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് ഈ മാസം 30 മുതൽ ഡിസംബർ മൂന്നു വരെ പാലക്കാട് ജില്ലക്കാർക്ക് മാത്രമായി നടത്തുന്ന **വാണിജ്യാടിസ്ഥാനത്തിലുള്ള ആടുവളർത്തൽ** എന്ന വിഷയത്തിലുള്ള പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അടുത്തുള്ള വെറ്ററിനറി സർജന്റെ ശുപാർശ സഹിതം 0491 2815454 എന്ന നമ്പറിലോ 9188522713 എന്ന വാട്സ് ആപ്പ് നമ്പറിലോ ബന്ധപ്പെട്ട് ഈ മാസം 25 ന് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ് .

13. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (നവംബർ 24,25) **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

14. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഇന്നും നാളെയുമായി (നവംബർ 24,25) **ആട് വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0479 2457778** എന്ന നമ്പരിൽ ബന്ധപ്പെടുക. രണ്ട് ഡോസ് കോവിഡ് വാക്സിൻ എടുത്ത സർട്ടിഫിക്കറ്റ് പരിശീലനസമയത്ത് ഹാജരാക്കേണ്ടതാണ്.

15. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. നവംബർ 29-ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.